ഓം നമ:ശിവായ

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC. No. 6/22/A.

## ലേലപ്പരസ്യം

ആലുവ മഹാദേവർ ദേവസ്വം കൊല്ലവർഷം 1197(2022) ലെ ശിവരാത്രി മഹോത്സവം സംബന്ധിച്ച് ബലി തറകളുടെയും താല്കാലിക കടകൾ കെട്ടി കച്ചവടം നടത്തുന്നതിനുള്ള പ്ലോട്ടുകളുടെയും ലേലം

1. ആലുവ മണപ്പുറത്ത് ശിവരാത്രിയോടനുബന്ധിച്ച് 28/02/2022 മുതൽ 03/03/2022 വരെ നിർദ്ദിഷ്ട സ്കെച്ചിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള സ്ഥലത്തും അളവിലും താല്കാലിക ബലിപ്പുര കെട്ടി നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ബലികർമ്മം നടത്തി കൊടുക്കുന്നതിനുള്ള അവകാശം 15/02/2022 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ആലുവ മഹാദേവർ ദേവസ്വത്തിൽ വച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

   (ബലി തർപ്പണം നടത്തുന്നവർ തന്ത്രിയുടെ സർട്ടിഫിക്കറ്റും, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും മൂന്നു ഫോട്ടോയും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്)

2. ആലുവ മണപ്പുറത്ത് ശിവരാത്രിയോടനുബന്ധിച്ച് 28/02/2022 മുതൽ 27/03/2022 വരെ നിർദ്ദിഷ്ഠ സ്കെച്ചു പ്രകാരമുള്ള സ്ഥലത്തും അളവിലും താല്കാലിക സ്റ്റാളുകൾ കെട്ടി നിലവിലെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കച്ചവടം നടത്തുന്നതിനുള്ള അവകാശം 16/02/2022 ബുധനാഴ്ച രാവിലെ 10 ആലുവ മഹാദേവർ ദേവസ്വത്തിൽ വച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. (വ്യാപാര മേളക്ക് സർക്കാർ അനുമതി ലഭിക്കുന്ന പക്ഷം മാത്രം)

കുത്തക ഏറ്റെടുക്കുന്നവർ ഗ്രീൻ പ്രോട്ടോക്കോളും കോവിഡ് മാനദണ്ഡങ്ങളും കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസ് (04829 231318), അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, നോർത്ത് പറവൂർ (0484 2442472), അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ആലുവ (0484 2603045), ദേവസ്വം അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസ്, ആലുവ (0484 2626545) എന്നിവിടങ്ങളിൽ നിന്നും www.travancoredevaswomboard.org എന്ന വെബ് സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

വൈക്കം
08/02/2022

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ incharge.
വൈക്കം

ഓം നമ:ശിവായ

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ആലുവ മഹാദേവർ ദേവസ്വം കൊല്ലവർഷം 1197(2022) ലെ ശിവരാത്രി മഹോത്സവം സംബന്ധിച്ച് ബലി തറകളുടെയും താല്കാലിക കടകൾ കെട്ടി കച്ചവടം നടത്തുന്നതിനുള്ള പ്ലോട്ടുകളുടെയും ലേലം

## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിനു മുമ്പായി ബലിത്തറക്ക് 5000/- രൂപയും കച്ചവട സ്ഥാപനങ്ങൾക്കുള്ള പ്ലോട്ടുകൾക്ക് 10000/- രൂപയും നിരത ദ്രവ്യം ഹാജരാക്കേണ്ടതാണ്.
2. ബലിത്തറകൾ 28/02/2022 മുതൽ 03/03/2022 വരെയും കച്ചവട സ്ഥാപനങ്ങൾ 28/02/2022 മുതൽ 27/03/2022 വരെയും മാത്രമായിരിക്കും കരാർ കാലാവധി. (കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിന് കോവിഡ് മാനദണ്ഡ പ്രകാരം സർക്കാർ അനുമതി ലഭിച്ചാൽ മാത്രമേ ലേലം നടത്തുകയുള്ളൂ).
3. എല്ലാ ലേലങ്ങൾക്കും മുമ്പായി ക്വട്ടേഷനുകൾ ഹാജരാക്കാവുന്നതാണ്. ക്വട്ടേഷൻ തുകയോ ലേലത്തുകയോ ഏതാണോ കൂടുതൽ ആ തുകക്കുള്ള ആളുടെ പേരിൽ ലേലം അവസാനിപ്പിക്കുന്നതായിരിക്കും.
4. ലേലം അവസാനിപ്പിച്ചു കഴിഞ്ഞാൽ ലേലത്തുക മുഴുവനായും അപ്പോൾ തന്നെ ലേലക്കാരൻ അടച്ച് രസീതു വാങ്ങേണ്ടതും എഗ്രിമെന്റിൽ ഒപ്പിടേണ്ടതുമാണ്.
5. ബലിത്തറകളുടെ ലേലത്തിൽ പങ്കെടുക്കുന്നവർ തന്ത്രിയുടെ പുരോഹിത സർട്ടിഫിക്കറ്റും, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും, മൂന്നു ഫോട്ടോയും, തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ലേലത്തിനു മുമ്പായി ഹാജരാക്കേണ്ടതാണ്.
6. ലേലക്കാർ അവരവർ ഏറ്റെടുക്കുന്ന ബലിത്തറ/സ്റ്റാളുകളിൽ നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിരിക്കേണ്ടതാണ്. ആയതു ലംഘിക്കുന്ന പക്ഷം ഉണ്ടാകുന്ന നിയമ നടപടികൾക്ക് ലേലക്കാരന് മാത്രം പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതും കുത്തക റദ്ദുചെയ്യുന്നതുമായിരിക്കും.
7. ലേലം പിടിക്കുന്ന ആൾ ബലിത്തറയുടേതല്ലാത്ത പരസ്യ ബോർഡുകൾ ഒന്നും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. ഉച്ചഭാഷിണി അനുവദനീയമല്ല.
8. ബലിത്തറകളിലും കടകളിലും പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മാണങ്ങൾക്ക് ഉപയോഗിക്കുന്നതും വില്പന നടത്തുന്നതും നിരോധിച്ചിരിക്കുന്നു. ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.
9. ബലി കർമ്മങ്ങൾക്ക് വാഴയില മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

10. കുത്തകക്കാർ 2000/- രൂപാ വീതം സെക്യൂരിറ്റി തുക അടക്കേണ്ടതാണ്. ബലിത്തറകളിലും കടകളിലും ഉണ്ടാകുന്ന ചപ്പു ചവറുകളും മാലിന്യങ്ങളും സ്വന്തം ചെലവിൽ അതാതു ദിവസം തന്നെ നീക്കം ചെയ്യേണ്ടതും അപ്രകാരം ചെയ്യാത്ത പക്ഷം സെക്യൂരിറ്റിയായി ഈടാക്കിയിട്ടുള്ള തുക ക്ലീനിംഗ് ചാർജ്ജായി ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതാണ്.

11. കുത്തകക്കാർ സ്കെച്ചിലും പ്ലാനിലും നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത അളവിൽ കൂടുതൽ സ്ഥലത്ത് ബലിത്തറകളോ കടകളോ കെട്ടുവാൻ പാടുള്ളതല്ല. ഷീറ്റുകളോ മറ്റോ ഉപയോഗിച്ച് കടയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ പാടില്ലാത്തതാണ്. അപ്രകാരം പരിശോധന ഉദ്യോഗസ്ഥർ കണ്ടെത്തിയാൽ കുത്തക റദ്ദു ചെയ്ത് ആവർത്തന ലേലം നടത്തുന്നതും അതിന്മേൽ ആദ്യ കുത്തക ക്കാരന് അവകാശമുണ്ടായിരിക്കുന്നതുമല്ല.

12. കുത്തകക്കാർ അനുവദിച്ചിട്ടുള്ള നിശ്ചിത തീയതികളിൽ മാത്രമേ ബലിത്തറയും കടകളും പ്രവർത്തിക്കുവാൻ പാടുള്ളൂ. കുത്തക കാലാവധി കഴിയുന്ന ക്രമം പൊളിച്ചു മാറ്റേണ്ടതാണ്.

13. ബലിത്തറകളിലും കടകളിലും മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, മത്സ്യ മാംസാദികൾ, സർക്കാർ നിരോധിച്ചിട്ടുള്ള ഉൽപ്പനങ്ങൾ തുടങ്ങിയവ വില്കുകയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

14. കടകൾ നടത്തുന്നവർ ഭക്തജനങ്ങളോട് മാന്യമായി പെരുമാറുകയും ന്യായമായ നിരക്കിൽ മാത്രം സാധനങ്ങൾ വിൽക്കേണ്ടതുമാണ്.

15. ബലിത്തറകളിൽ ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള ദക്ഷിണ കർമ്മികൾ വാങ്ങേണ്ടതും ഭക്തജനങ്ങളോട് മാന്യമായി പെരുമാറേണ്ടതുമാണ്.

16. കടകളിലേക്കും ബലിത്തറകളിലേക്കും ആവശ്യമുള്ള വൈദ്യുതി, വെള്ളം എന്നിവ ലേലക്കാരൻ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

17. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, മൂന്നു ഫോട്ടോയും, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും, കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കണം.

18. കുത്തകക്കാർ ഒരു കാരണവശാലും ബലിത്തറകളോ, കടകളോ മറ്റൊരു വ്യക്തിക്കോ സംഘടനക്കോ മറിച്ചു കൊടുക്കുവാൻ പാടുള്ളതല്ല.

19. ബലിത്തറകളിലും കടകളിലും നിയോഗിക്കുന്ന സഹ കർമ്മികൾ, മാനേജർ, തൊഴിലാളികൾ മുതലായവരുടെ പൂർണ്ണമായ വിലാസം, തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ലേലക്കാരൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ഏർപ്പിക്കേണ്ടതാണ്. ഭക്തജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കുന്ന വിധം നടന്നുള്ള കച്ചവടം അനുവദക്കുന്നതല്ല. ചെടികൾ ചെടിച്ചട്ടികൾ, കരിമ്പ്, ഐസ്ക്രീം, കപ്പലണ്ടി തുടങ്ങിയവ വില്കുന്നതിന് ലേലം ചെയ്തു നൽകിയിട്ടുള്ള നിർദ്ദിഷ്ഠ സ്ഥലങ്ങളിൽ മാത്രമേ വില്കുവാൻ പാടുള്ളൂ.

20. കുത്തകക്കാരൻ ഡിപ്പാർട്ടുമെന്റിന്റെ ലേല നിബന്ധനകളിൽ എന്തെങ്കിലും വിധത്തിലുള്ള ലംഘനം നടത്തിയാലോ, ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തലുള്ളതോ, ഡിപ്പാർട്ടുമെന്റിന്റെ റവന്യൂ വിനെ ബാധിക്കുന്ന തരത്തിലുള്ള പ്രവർത്തനം നടത്തിയാലോ തത്സമയം തന്നെ കുത്തക റദ്ദു ചെയ്ത് പുനർ ലേലം നടത്തുന്നതും ആദ്യ കുത്തകക്കാരന് ഇതിന്മേൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.
21. ലേലം ഉറപ്പിക്കുന്നതിനും നിരാകരിക്കുന്നതിനും ഡിപ്പാർട്ടുമെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഡിപ്പാർട്ടുമെന്റിന്റെ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിലും ബാധകമായിരിക്കുന്നതാണ്.
22. ലേലക്കാരൻ സർക്കാരിലേക്ക് ഏതെങ്കിലും തരത്തിലുള്ള നികുതി അടക്കേണ്ടതായി വന്നാൽ സ്വന്തം ചെലവിൽ ആയത് ഒടുക്കു വരുത്തേണ്ടതാണ്.
23. കുത്തക പ്രദേശങ്ങൾ ഏതു സമയവും പരിശോധിക്കുന്നതിന് ദേവസ്വം പരിശോധനാ ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിക്കുന്നതും കുത്തകക്കാർ ആയതിന് സഹകരിക്കേണ്ടതുമാണ്.

ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസ് (04829 231318), അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, നോർത്ത് പറവൂർ (0484 2442472), അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ആലുവ (0484 2603045), ദേവസ്വം അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസ്, ആലുവ (0484 2626545) എന്നിവിടങ്ങളിൽ നിന്നും www.travancoredevaswomboard.org എന്ന വെബ് സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ incharge.
വൈക്കം

വൈക്കം
08/02/2022